ആളുകൾക്ക് കഴിയാതെ പോകുന്നുണ്ട്. ഒരു ബസ് ഒരു മണിക്കൂർ താമസിച്ചാൽ ധാരാളം പരാതി പറയാൻ ആളുണ്ടാവും. എന്നാൽ പത്തു ബസ്സിനു തീവച്ചാൽ ഒരു പരാതിപോലും പൊതുജനങ്ങളിൽനിന്നോ മറ്റുള്ളവരിൽ നിന്നോ ഉണ്ടാകാതെ പോകുന്നതു കഷ്ടമാണ്. ശരിക്കു നടത്തണമെന്നു പറയുന്ന ആളുകൾ ഈ വക കാര്യങ്ങൾകൂടി ശ്രദ്ധിച്ച് കുറ്റകൃത്യങ്ങൾ ചെയ്യുന്ന ആളുകളെ അതിൽനിന്നു പിന്തിരിപ്പിക്കാനുള്ള ശക്തമായ ഒരു നീക്കംകൂടി ആരംഭിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

വെസ്റേറൺ ഗാട്ട് ഡെവലപ്മെൻറ് പദ്ധതി

*407 [431] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
ശ്രീ. പി. പി. എസ്തോസ്:
ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ—സാമൂഹ്യവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെസ്റേറൺ ഗാട്ട് ഡെവലപ്മെൻറ് പദ്ധതി പ്രകാരം ഗിരിജന ഉന്നമനത്തിനു വേണ്ടി എന്തൊക്കെ പരിപാടികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(ബി) ഇതനുസരിച്ച് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെ;

(ഡി) പരിപാടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ, ബി) വെസ്റേറൺ ഗാട്ട് ഡെവലപ്മെൻറ് പദ്ധതി പ്രകാരം താഴെപ്പറയുന്ന പരിപാടികളാണ് ഗിരിജനോന്നമനത്തിനു വേണ്ടി ഉൾക്കൊള്ളിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1. ഇടുക്കി ക്ഷീരവികസന പദ്ധതി
2. അട്ടപ്പാടി ക്ഷീരവികസന പദ്ധതി
3. അട്ടപ്പാടി സഹകരണകൃഷിത്തോട്ടം സ്ഥാപിക്കൽ
4. ഏലം കൃഷിക്കായി വയനാടു സഹകരണകൃഷിത്തോട്ടം നടപ്പാക്കൽ
5. പാൽ ശീതീകരണയന്ത്രങ്ങൾ സ്ഥാപിക്കൽ
6. ക്ഷീരോൽപ്പാദന സഹകരണസംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകൽ

(സി, ഡി) ഉത്തരം മേശപ്പുറത്തു വച്ചിട്ടുണ്ട്.†

ശ്രീ. പി. പി. എസ്തോസ്: ഇത്തരത്തിൽ നീണ്ട ഒരു മറുപടിയിൽ നിന്നും സപ്ലിമെൻറു ചോദ്യം ചോദിക്കാൻ വളരെ ബുദ്ധിമുട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിപാടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ—എന്നല്ലേ ബഹുമാനപ്പെട്ട മെമ്പർ ചോദ്യം ചോദിച്ചിരിക്കുന്നത്?

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. എസ്തോസ്: ഇവിടെ അച്ചടിച്ചു വച്ചിരിക്കുന്നത് ഇന്നു രാവിലെ തയ്യാറാക്കിയ പദ്ധതികളൊന്നുമല്ല. പ്രസംഗ രൂപേണയുള്ള ഈ മറുപടി ബഡ്ജറ് പ്രസംഗസമയത്തോ മറ്റോ പറയാവുന്നതാണ്. പശ്ചിമഘട്ടവികസനപദ്ധതി ഏർപ്പെടുത്തിയത് ഗിരിജനങ്ങളുടെ ഉന്നമനത്തിനുവേണ്ടിയാണ്. അവിടെ പലരേയും സംഘടിപ്പിച്ചുകൊണ്ട് ആർ. എസ്. എസ്. എന്നു പറയുന്ന ഒരു സംഘം വയനാട്ടിൽ കയറി നഷ്ടപ്പെട്ട ഭൂമി പിടിച്ചെടുക്കുന്നതിനുവേണ്ടി ആയുധവുമേന്തി കലാപത്തിനു തയ്യാറെടുത്തുകൊണ്ടിരിക്കുന്നു എന്നതിന്റെ വ്യക്തമായ സൂചനകൾ ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആദിവാസികൾക്കു പശുക്കളെക്കൊടുത്താൽ എന്താണു പ്രയോജനം? ആ പാൽ ആരു വാങ്ങും? അതെവിടെ വിൽക്കും? ഇതിനു വ്യക്തമായ മറുപടി കിട്ടണം.

ശ്രീ. ദാമോദരൻ കാളാശ്ശേരി: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം പശ്ചിമഘട്ടവികസനത്തെ സംബന്ധിച്ചും അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും വിശദമായ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ്. ആർ. എസ്. എസ്. ന്റെ ട്രെയിനിംഗിനെ സംബന്ധിച്ചും മറ്റുമാണെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: പശ്ചിമഘട്ട വികസനപദ്ധതിയുടെ ഭാഗമായി വയനാട്ടിൽ 750-ഓളം ഗിരിവർഗ്ഗക്കാരെ താമസിപ്പിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞു. 750 ട്രൈബൽ ഫാമിലി എന്നുപറഞ്ഞതിൽ യഥാർത്ഥത്തിൽ അതിന്റെ നാലിലൊന്നു ട്രൈബൽ ഫാമിലിയേ ഉള്ളൂ എന്നുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ട്രൈബൽ ഫാമിലിക്കു മാത്രമായി ഇതിന്റെ പ്രയോജനം ലഭിക്കുന്നതിനുവേണ്ടി അവരുടെയിടയിൽനിന്നു തന്നെ ബെനിഫിഷറീസിനെ തിരഞ്ഞെടുക്കാൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇതു സംബന്ധിച്ച വിവരങ്ങൾ ബഹുമാനപ്പെട്ട മെമ്പർ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഒ. ലൂക്കോസ്: പശ്ചിമഘട്ട വികസന പദ്ധതിക്കു വേണ്ട തുക അനുവദിക്കുന്നത് സെൻട്രൽ ഗവൺമെന്റ് ആണെന്നാണ് മനസ്സിലാക്കുന്നത്. ഈ പദ്ധതിക്കുവേണ്ടി സെൻട്രൽ ഗവൺമെന്റിൽ നിന്നും അനുവദിച്ച തുക പൂർണ്ണമായി ചെലവാക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നു വിശദമാക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇത് ഇൻഡ്യാ ഗവൺമെന്റിന്റെ ഒരു സ്കീമാണ്. 1978-79-ൽ ഒരുകോടി അറുപത്തെട്ടുലക്ഷം രൂപയാണ് അനുവദിച്ചത്. അതു മുഴുവനും ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: പശ്ചിമഘട്ടത്തിന്റെ ഒരു ഭാഗവും സെൻസസ് അനുസരിച്ച് പതിനാറായിരം കുടുംബങ്ങളുള്ളതുമായ തളിപ്പറമ്പു താലൂക്കിനെ ഇതിൽ നിന്നും ഒഴിവാക്കാൻ പ്രത്യേകകാരണം ഉണ്ടോ? ഇല്ലെങ്കിൽ കൂട്ടിച്ചേർക്കാൻ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇതു സംബന്ധിച്ച് ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻമാർ ആവശ്യമായ അന്വേഷണം നടത്തുന്നുണ്ട്. ഉൾപ്പെടുത്താവുന്നതാണെങ്കിൽ തീർച്ചയായും ഉൾപ്പെടുത്തുന്നതാണ്.

ശ്രീ. പി. സി. ജോസഫ്: പശ്ചിമഘട്ട വികസനപദ്ധതിയിൽ പുതുതായി ഏതെങ്കിലും താലൂക്കുകൾ ഉൾപ്പെടുത്തണമെന്നു നിവേദനം ലഭിച്ചിട്ടുണ്ടോ, അതു ഗവൺമെൻറ് പരിഗണിക്കുന്നുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആവശ്യമാണെന്നുകണ്ടാൽ വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പശ്ചിമഘട്ട വികസന പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഒരു സീനിയർ ഉദ്യോഗസ്ഥനെ ആഫീസറായി നിയമിച്ചിരുന്നു. ഇപ്പോൾ അങ്ങനെ ഒരു ഉദ്യോഗസ്ഥനുണ്ടോ? ഇല്ലെങ്കിൽ ഇതിൻെറ ചുമതല ഏതു സെക്രട്ടറിയാണു വഹിക്കുന്നതെന്നു പറയാമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇപ്പോൾ അങ്ങനെ ഒരു തസ്തിക ഇല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഏതു സെക്രട്ടറിയാണ് ഇതിൻെറ ചുമതല വഹിക്കുന്നത്?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ): ഇതു കോ-ഓർഡിനേറു ചെയ്യുന്നതിനു വേണ്ടി ഒരു ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നു. ഇപ്പോൾ ആ തസ്തിക ഇല്ല. കമ്മ്യൂണിറ്റി ഡെവലപ്മെൻറ് ഡിപ്പാർട്ടുമെൻറ് ആണ് ഇതു കൈകാര്യം ചെയ്യുന്നത്.

ശ്രീ. ടി. എം. ജേക്കബ്: പശ്ചിമഘട്ട വികസന പരിപാടിയുടെ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള 20 താലൂക്കുകൾ തെരഞ്ഞെടുത്തതിൻെറ മാനദണ്ഡം എന്താണ്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു പ്രത്യേകം ചോദിക്കണം.

(432-ാമത്തെ ചോദ്യം ചോദിച്ചില്ല)

ദേശസാൽകൃത റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള മാനദണ്ഡം

*408 [433] ശ്രീ. എസ്. തങ്കപ്പൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റൂട്ടുകളിൽ; അതിനു സ്വീകരിക്കുന്ന മാനദണ്ഡം എന്ത്?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I and III

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 407 (431) 414, (436) കാണുക]

The terms of reference of the Commission are the following:—

1. The present socio-economic conditions of the Harijans and Girijans of Kerala State emphasising the following points, among others—

(i) the extent of immovable property owned by Harijans and Girijans;

(ii) types of houses owned by them;

(iii) their income levels;

(iv) their food habits, nutritional standards and general health;

(v) their vocations;

(vi) the spread of education among them

(vii) their representation in professions;

(viii) investments like bank deposits made by them;

(ix) number of members in each family and number of families staying in one house;

(x) industrial or business entrepreneurship evinced by them etc.

2. The comparative socio-economic condition of different individual castes and tribes among the Harijans and Girijans.

3. The fold needs and grievances of the Harijans and Girijans as voiced in their own words.

4. The extent of progress achieved by the Harijans and Girijans after the Constitution came into being; the comparative rate of progress achieved by each caste and tribe; and the reasons for inadequate progress, if any, in the case of certain castes and tribes.

5. The regional imbalance, if any, in the progress of Harijans and Girijans in different parts of the State and the reasons for the imbalance.

6. The progress achieved in the eradication of untouchability and the reasons for failures, if any.

7. The part played by Harijans and Girijans in the "green revolution" the benefits if any, gained by them thereby, the role played by Harijans and Girijans in the rural co-operative movements and the reasons for their isolation, if any.

8. The present position of the traditional cottage industries (and Village industries) of Harijans and Girijans and the reasons for their decline, if any, and methods of their rejuvenation.

9. The consequences of educational concessions provided for Harijans and Girijans so far, whether they have been actually benefited and whether education has properly spread among them.

LIBRARY ARCHIVES Kerala Legislative Assembly

10. Whether modern ideas have spread among Harijans and Girijans and whether they are aware of the latest ideas about Family Planning, scientific agriculture etc.

11. The position regarding the representation of Harijans and Girijans in general (and individual castes and tribes in particular) in Government Services as well as in various other professions (like Advocates, Doctors, Company Executives, etc.)

12. The benefits of provisions for general reservation and special recruitment for Harijans and Girijans in Government Service; whether the objects are being achieved and the comparative position of individual castes and tribes in Government service.

13. The nutritional and health standards of the Harijans and Girijans and the reasons for their present conditions.

14. The benefits derived by Harijans and Girijans from recent land reforms and the improvement achieved by them in the ownership of land.

15. The conditions of Harijan Colonies and Girijan settlements whether the colonisation and settlement Programmes are really beneficial and whether certain steps have to be taken to improve the existing colonies.

16. The recommendations which the Commission would like to make in respect of (a) Harijans and (b) Girijans in general for remedying the various defects and improving their living standards.

17. The recommendations which the commission would like to make in respect of specially depressed castes and tribes to improve their socio-economic conditions and to give them due chances for development and the recommendations of the Commission to cure regional imbalances, if any.

18. Any other relevant matter about which the Commission would like to offer its views.

Orders on the terms and conditions of the appointment of the Chairman and the Secretary will be issued separately.

അനുബന്ധം II

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 409 (421) കാണുക]

6.3.1979 വരെയുള്ള ഡിപ്പോ/സബ് ഡിപ്പോകളുടെ ലിസ്റ്റ്

ഡിപ്പോകൾ:

1. നെയ്യാറ്റിൻകര
2. നെടുമങ്ങാട്
3. തിരുവനന്തപുരം സെൻട്രൽ
4. തിരുവനന്തപുരം സിറ്റി
5. കൊല്ലം
6. കായംകുളം
7. ആലപ്പുഴ
8. എറണാകുളം

LIBRARY ARCHIVES Kerala Legislative Assembly